## പ്രത്യേക ശ്രദ്ധയ്ക്ക്

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ പോളിടെക്നിക്കുകളിലെ മുഴുവൻ സീറ്റുകളിലേക്കും എയ്ഡഡ് പോളിടെക്നിക്കുകളിലെ 85% സീറ്റുകളിലേക്കും സ്വാശ്രയ പോളിടെക്നിക്കുകളിലെ 50% സീറ്റുകളിലേക്കും IHRD സ്വാശ്രയ പോളിടെക്നിക്കുകളിലെ മുഴുവൻ സീറ്റുകളിലേക്കും പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ വെബ്ബ്സൈറ്റിലൂടെ നിശ്ചിത തിയ്യതിക്കുള്ളിൽ ഓൺ ലൈനായി അപേക്ഷിക്കേണ്ടതും, അപേക്ഷാ ഫീസ് ഓൺലൈനായി തന്നെ അടക്കേണ്ടതും ആണ്. അപേക്ഷയുടെ പകർപ്പോ അപേക്ഷാ ഫീസോ ഓൺലൈനായി അല്ലാതെ മറ്റൊരിടത്തും നൽകേണ്ടതില്ല.

2. www.polyadmission.org എന്ന വെബ്ബ് സൈറ്റ് വഴിയാണ് ഓൺലൈനായി അപേക്ഷിക്കേണ്ടത്. അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ മൊബൈൽ OTP വെരിഫിക്കേഷനു ശേഷം അപേക്ഷാഫീസ് അടക്കുവാനുള്ള ലിങ്ക് ലഭിക്കുന്നതാണ്. അപ്രകാരം ഫീസ് അടക്കാൻ സാധിക്കാത്തവർക്ക് പിന്നീട് www.polyadmission.org എന്ന വെബ്ബ്സൈറ്റിലെ ഹോം പേജിലെ Modify Diploma Application എന്ന ലിങ്ക് വഴി അപ്ലിക്കേഷൻ വീണ്ടും ഓപ്പൺ ചെയ്യാവുന്നതും ഏറ്റവും അവസാനത്തെ പേജിൽ എത്തുമ്പോൾ ഫീസ് അടക്കാവുന്ന ലിങ്ക് വീണ്ടും ലഭിക്കുന്നതുമാണ്. ഫീസ് അടച്ചതിനു ശേഷം

മാത്രമേ അപേക്ഷയുടെ പ്രിന്റ് എടുക്കുവാൻ സാധിക്കുകയുള്ളു.

3. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തുക.

**i.** അപേക്ഷയിൽ രജിസ്റ്റർ ചെയ്യുന്ന മൊബൈൽ നമ്പർ അപേക്ഷകന്റേതായിരിക്കണം. അപേക്ഷകന് മൊബൈൽ നമ്പർ ഇല്ലായെങ്കിൽ മതാപിതാക്കളുടേതോ അടുത്ത ബന്ധുക്കളുടേതോ ആയിരിക്കണം. പ്രവേശനം സംബന്ധിച്ച അറിയിപ്പുകൾ രജിസ്റ്റർ ചെയ്തിരിക്കുന്ന മൊബൈൽ നമ്പറിലേക്കാണ് അയക്കുന്നത്. ആയതിനാൽ സ്ഥിരമായി ഉപയോഗിക്കുന്ന മൊബൈൽ നമ്പറാണ് രജിസ്റ്റർ ചെയ്യേണ്ടത്. **കമ്പ്യൂട്ടർ സെന്റർ അക്ഷയ സെന്റർ മുതലായ സ്ഥാപനങ്ങളുടെ മൊബൈൽ നമ്പർ ദയവായി നൽകരുത്. കമ്പ്യൂട്ടർ / അക്ഷയ സെന്ററുകൾ ഇക്കാര്യം പ്രേത്യകം ശ്രദ്ധിക്കുക.**

ii. സംവരണത്തിനോ മറ്റു അനുകൂല്യങ്ങൾക്കോ അർഹതയുള്ളവർ അർഹത സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഓഫീസിൽ നിന്നും ലഭ്യമാക്കിയതിനു ശേഷം അപേക്ഷ പൂരിപ്പിക്കുന്നത് അപേക്ഷയിൽ തെറ്റായ വിവരങ്ങൾ നൽകുന്നത് ഒഴിവാക്കാൻ സഹായിക്കും. ഒറിജിനൽ സർട്ടിഫിക്കറ്റുകൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും ഹാജരാക്കേണ്ടതുമാണ്.

4. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ ഒരു പകർപ്പ് (ഫീസ് ഓൺലൈനായി അടച്ചതിനു ശേഷമുള്ള) അപേക്ഷകൻ സൂക്ഷിക്കേണ്ടതാണ്.

5. ഒരു അപേക്ഷകൻ പ്രവേശനത്തിനായി സംസ്ഥാന തലത്തിൽ ഒരു അപേക്ഷ മാത്രം സമർപ്പിച്ചാൽ മതിയാകും.

6. എസ്.സി./ എസ്.റ്റി/ ഒ.ഇ.സി എന്നീ വിഭാഗങ്ങൾ ഒഴികെയുള്ളവർ വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസാനുകൂല്യം/ സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിനായി വരുമാന സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

# പോളിടെക്നിക് കോളേജ് പ്രവേശനം-2020-21

## അപേക്ഷ സമർപ്പണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

- www.polyadmission.org എന്ന വെബ്ബ്സൈറ്റിലൂടെയാണ് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നത്.
- ഓൺലൈൻ അപേക്ഷാ തനിയെ തയാറാക്കി സമർപ്പിക്കാൻ കഴിയാത്തവർക്ക് അടുത്തുള്ള ഗവണ്മെന്റ് / എയ്ഡഡ് / IHRD പോളിടെക്നിക്കുകളിൽ തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ ഹെൽപ് ഡെസ്കുകളുടെ സഹായത്തോടെ സമർപ്പിക്കാവുന്നതാണ്.
- പോളിടെക്നിക് അഡ്മിഷനുമായോ ഓൺലൈൻ അപേക്ഷാ സമർപ്പണമായോ ബന്ധപ്പെട്ട സംശയങ്ങൾക്ക് എല്ലാ പോളിടെക്നിക്കുകളിലെയും ഹെൽപ് ഡെസ്കിൽ ലഭ്യമാക്കിയിട്ടുള്ള അദ്ധ്യാപകരുടെ മൊബൈൽ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. ഹെല്പ് ഡെസ്കുകളിലെ മൊബൈൽ നമ്പറുകൾ വെബ്സൈറ്റിലെ Contact Us എന്ന ലിങ്കിൽ ലഭിക്കുന്നതാണ്.
- **അപേക്ഷാ ഫീസായി SC/ST വിഭാഗക്കാർ 75 രൂപയും മറ്റുള്ളവർ 150 രൂപയും ഓൺലൈനായി അടക്കേണ്ടതാണ്.**
- വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള പ്രോസ്പെക്ട്സ് വിശദമായി വായിച്ചതിനു ശേഷം മാത്രം ഓൺലൈൻ അപേക്ഷ സമർപ്പണം ആരംഭിക്കുക.

- ഓൺലൈൻ അപേക്ഷാ ഫോമിലെ എല്ലാ വിവരങ്ങളും വളരെ ശ്രദ്ധയോടും കൃത്യതയോടും പൂരിപ്പിക്കുക.

- ആപ്ലിക്കേഷനിലെ വിവരങ്ങളെ സംബന്ധിക്കുന്ന രേഖകൾ ഒന്നും അപ്‌ലോഡ് ചെയ്യേണ്ടതില്ലാത്തതിനാൽ അപേക്ഷയിൽ നൽകുന്ന വിവരങ്ങൾ അനുസരിച്ചായിരിക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. അപേക്ഷയിൽ തെറ്റു വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- സാമുദായിക സംവരണം (SC / ST / OEC / SEBC വിഭാഗങ്ങൾ), ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം, പ്രോസ്പെക്ട്സിൽ പ്രതിപാദിച്ചിട്ടുള്ള 5.4.2 മുതൽ 5.4.8 വരെ കൊടുത്തിട്ടുള്ള പ്രത്യേക സംവരണം, മറ്റു സാമുദായിക സംവരണങ്ങൾക്ക് അർഹത ഇല്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള (Economically Weaker Sections - EWS) സംവരണം എന്നിവ ആവശ്യമുള്ളവർ ഓൺലൈൻ അപേക്ഷയിൽ നിശ്ചിത സ്ഥാനത്ത് രേഖപ്പെടുത്തിയിരിക്കണം. നൽകിയ വിവരങ്ങളെല്ലാം കൃത്യവും, പൂർണ്ണവുമാണെന്ന് ബോധ്യപ്പെട്ടതിനുശേഷം മാത്രമേ Final Submission നടത്താവൂ.

- അപേക്ഷയിൽ 30 ഓപ്ഷനുകൾ വരെ സമർപ്പിക്കുവാൻ കഴിയും. അപേക്ഷകർ തങ്ങൾക്ക് ആവശ്യമുള്ളതും ചേർന്നു പഠിക്കുവാൻ താല്പര്യമുള്ളതുമായ പ്രോഗ്രാം, സ്ഥാപനം എന്നിവ നോക്കി വേണം ഓപ്ഷൻ

സമർപ്പിക്കേണ്ടത്. സംസ്ഥാനത്തെ എല്ലാ പോളിടെക്നിക്കുകളിലെയും എല്ലാ പ്രോഗ്രാമുകളിലേക്കും ഓപ്ഷൻ തിരഞ്ഞെടുക്കാവുന്നതാണ്.

## ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന വിധം:

- www.polyadmission.org എന്ന വെബ്സൈറ്റിലെ Online Submission ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ അപേക്ഷ സമർപ്പിക്കാം.

- ആദ്യത്തെ പേജിൽ നിങ്ങളുടെ അടിസ്ഥാന യോഗ്യതയും പരീക്ഷ പാസായ വർഷവും രജിസ്റ്റർ നമ്പറും നൽകിയതിന് ശേഷം Next ലിങ്കിൽ ക്ലിക്ക് ചെയ്യുക.

- നിങ്ങൾ നൽകിയ വിവരങ്ങൾക്കനുസരിച്ചുള്ള ഡാറ്റ ലഭ്യമാണെങ്കിൽ അവ അടുത്ത പേജുകളിൽ തനിയെ ലഭ്യമാകുന്നതാണ്. അത്തരം വിവരങ്ങളിൽ നിങ്ങൾക്ക് മാറ്റം വരുത്താവുന്നതാണ്. വിവരങ്ങൾ തനിയെ വന്നില്ലെങ്കിൽ നിങ്ങൾക്ക് പുതിയതായി അത് ചേർക്കാവുന്നതാണ്.

- ഇപ്പോൾ കിട്ടുന്ന പേജിൽ നിങ്ങളുടെ പേര്, രക്ഷകർത്താവിൻറെ പേര്, രക്ഷകർത്താവുമായുള്ള ബന്ധം, അഡ്രസ്, പിൻകോഡ്, മൊബൈൽ നമ്പർ(10 അക്കം), ഈമെയിൽ അഡ്രസ്, ആധാർ നമ്പർ, ലിംഗം, ജനന തീയതി, നാഷണാലിറ്റി, ജനിച്ച ജില്ല എന്നിവ നൽകുക. AICTE യുടെ പുതിയ മാനദണ്ഡപ്രകാരം ആസ്പിരേഷണൽ ഡിസ്ട്രിക്ടിൽ (പാലക്കാട്,

മലപ്പുറം, വയനാട്, കാസർകോഡ്) നേറ്റിവിറ്റി ഉള്ളവർക്ക് ഇൻഡക്സ് മാർക്ക് കണക്കാക്കുമ്പോൾ 0.5 മാർക്ക് ബോണസ് ആയി നൽകുന്നതാണ്. ഇവ നൽകിയതിന് ശേഷം Next ലിങ്കിൽ ക്ലിക്ക് ചെയ്യുക.

- ഇപ്പോൾ കിട്ടുന്ന പേജിൽ Annual Family Income കോളത്തിൽ വാർഷിക വരുമാനം ഇൻകം സർട്ടിഫിക്കറ്റ് നോക്കി രേഖപ്പെടുത്തുക. നിങ്ങളുടെ മാതാപിതാക്കൾ മിശ്ര വിവാഹിതർ ആണെങ്കിൽ Eligible for reservation under inter-caste married കോളം ടിക്ക് ചെയ്യുക. നിങ്ങളുടെ കമ്മ്യൂണിറ്റി പ്രോസ്പെക്ട്സിലെ 5.6.2 - ൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ വിശദമായി വായിച്ചതിനു ശേഷം മാത്രം സെലക്ട് ചെയ്യുക. റിസർവേഷന് അർഹത ഇല്ലാത്തവർ Other സെലക്ട് ചെയ്യുക. കൂടാതെ പ്രോസ്പെക്ട്സിൽ അനുബന്ധം ആയി ചേർത്തിരിക്കുന്ന ജാതി ലിസ്റ്റ് പരിശോധിച്ച ശേഷം മാത്രം ഓ.ഇ.സി മുതലായ ജാതികൾ രേഖപ്പെടുത്തുക. അനുബന്ധം VI ൽ **List of other eligibile communities (Reservation group : OEC)** ൽ കാണിച്ചിരിക്കുന്ന ജാതികൾ മാത്രമേ ഓ.ഇ.സി ലിസ്റ്റിൽ വരുന്നുള്ളു. തൊട്ടടുത്ത പേജിൽ കാണിച്ചിരിക്കുന്ന **List of communities eligible for educational concessions as is given to oec** ൽ വരുന്ന ജാതിയിൽ ഉൾപ്പെടുന്നവർ ഓ.ഇ.സി ഫീസ് ആനുകൂല്യങ്ങൾക്ക് മാത്രമാണ് അർഹർ. മറ്റു സാമുദായിക സംവരണങ്ങൾക്ക് അർഹത ഇല്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള (Economically Weaker Sections - EWS) സംവരണം ആവശ്യമുള്ളവർ ആ കോളം ടിക്ക് ചെയ്യേണ്ടതും

അനുബന്ധം XVI പ്രകാരമുള്ള സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതും ആണ്. നിങ്ങൾ ക്രീമിലെയർ വിഭാഗത്തിലാണോ നോൺ ക്രീമിലെയർ വിഭാഗത്തിലാണോ പെടുന്നത് എന്നതും രേഖപ്പെടുത്തുക.

VHSE പാസായവർ ആ കോളം ടിക്ക് ചെയ്യുക. ഭിന്നശേഷിയിൽ സംവരണം ഉള്ളവർ അത് ടിക്ക് ചെയ്യുക. ഭിന്നശേഷിയിൽ സംവരണം വേണ്ടവർ മെഡിക്കൽ ബോർഡിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റും പോളിടെക്നിക്കുകളിലെ പഠനത്തിനാവശ്യമായ ശാരീരിക ക്ഷമത ഉണ്ടെന്നു സാക്ഷ്യപ്പെടുത്തിയ അനുബന്ധം XVII പ്രകാരമുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റും അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. മറ്റു സ്പെഷ്യൽ റിസർവേഷൻ ഉള്ളവർ അതിനു നേരെയുള്ള കോളം ടിക്ക് ചെയ്യേണ്ടതും അതുമായി ബന്ധപ്പെട്ട അനുബന്ധത്തിൽ പറഞ്ഞിരിക്കുന്ന രീതിയിൽ ഉള്ള സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതും ആണ്. ശേഷം Next ലിങ്കിൽ ക്ലിക്ക് ചെയ്യുക.

- ഇപ്പോൾ കിട്ടുന്ന പേജിൽ നിങ്ങളുടെ അടിസ്ഥാന യോഗ്യതയുമായി ബന്ധപ്പെട്ട വിവരങ്ങളും നിങ്ങൾക്ക് ലഭിച്ച മാർക്ക് അല്ലെങ്കിൽ ഗ്രേഡ് നിങ്ങളുടെ മാർക്ക് ലിസ്റ്റിന്റെ അതേ ഫോർമാറ്റിൽ തന്നെ ലഭ്യമാണെങ്കിൽ രേഖപ്പെടുത്തുക. നിങ്ങൾ നൽകുന്ന മാർക്ക് / ഗ്രേഡിന്റെ അടിസ്ഥാനത്തിൽ ആണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. അതിനാൽ എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ സംശയം തീർത്തതിന് ശേഷം മാത്രമേ അപ്ലിക്കേഷൻ

പൂർത്തിയാക്കാൻ പാടുള്ളൂ. നിങ്ങളുടെ മാർക്ക് ലിസ്റ്റിന്റെ ഫോർമാറ്റ് ലഭ്യമല്ലെങ്കിലോ നിങ്ങളുടെ മാർക്ക് / ഗ്രേഡിൽ എന്തെങ്കിലും സംശയം ഉണ്ടെങ്കിലോ നിങ്ങൾ ഏറ്റവും അടുത്തുള്ള പോളിടെക്നിക്കിന്റെ ഹെൽപ് ഡെസ്ക് നമ്പറുമായി ബന്ധപ്പെടേണ്ടതാണ്. ഹെല്പ് ഡെസ്കുകളിലെ മൊബൈൽ നമ്പറുകൾ വെബ്സൈറ്റിലെ Contact Us എന്ന ലിങ്കിൽ ലഭിക്കുന്നതാണ്. എല്ലാ വിവരങ്ങളും നൽകിയതിന് ശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക.

- നിങ്ങൾക്ക് ആവശ്യമുള്ള ഓപ്ഷനുകൾ ഈ പേജിൽ നൽകാവുന്നതാണ്. ഒരു അപേക്ഷയിൽ 30 ഓപ്ഷനുകൾ വരെ സമർപ്പിക്കുവാൻ കഴിയും. അപേക്ഷകർ തങ്ങൾക്ക് ആവശ്യമുള്ളതും ചേർന്നു പഠിക്കുവാൻ താല്പര്യമുള്ളതുമായ പ്രോഗ്രാം, സ്ഥാപനം എന്നിവ നോക്കി വേണം ഓപ്ഷൻ സമർപ്പിക്കേണ്ടത്. സംസ്ഥാനത്തെ എല്ലാ പോളിടെക്നിക്കുകളിലെയും എല്ലാ പ്രോഗ്രാമുകളിലേക്കും ഓപ്ഷൻ തിരഞ്ഞെടുക്കാവുന്നതാണ്. ഓപ്ഷനുകൾ ക്രമീകരിക്കുന്നതിൽ വലിയ പ്രാധാന്യം ഉള്ളതിനാൽ നല്ലവണ്ണം ആലോചിച്ചു മാത്രമേ ഓപ്ഷനുകൾ നല്കാൻ പാടുള്ളൂ. നിങ്ങൾക്ക് ഏറ്റവും താല്പര്യമുള്ള പ്രോഗ്രാമും കോളേജും ആണ് ഉയർന്ന ഓപ്ഷൻ ആയി തിരഞ്ഞെടുക്കേണ്ടത്. നിങ്ങൾക്ക് ആവശ്യമുള്ളതും എന്നാൽ ഏറ്റവും താല്പര്യം കുറഞ്ഞതുമായ ഓപ്ഷനുകൾ ഏറ്റവും അവസാനം ക്രമീകരിക്കുക. നിങ്ങൾക്ക് പഠിക്കാൻ താല്പര്യമില്ലാത്തതായ ഓപ്ഷനുകൾ ദയവായി

ചേർക്കാതിരിക്കുക. ഓപ്ഷനുകൾ നൽകിയതിന് ശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക.

- നിങ്ങൾ നൽകിയ ഓപ്ഷനുകൾ എല്ലാം നൽകിയ ക്രമത്തിൽ ഈ പേജിൽ കാണിക്കുന്നതാണ്. നൽകിയ ഓപ്ഷനുകളുടെ ക്രമത്തിൽ മാറ്റം വരുത്താൻ ഈ പേജിൽ നിങ്ങൾക്ക് കഴിയും. ക്രമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നു എങ്കിൽ നിങ്ങൾക്കാവശ്യമായ പുനക്രമീകരണം നടത്താവുന്നതാണ്. അതിനു ശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക.

- ഇപ്പോൾ കിട്ടുന്ന പേജിൽ നൽകിയിട്ടുള്ള ഡിക്ലറേഷൻ വായിച്ചു നോക്കിയതിനു ശേഷം I Agree എന്ന കോളത്തിൽ ടിക്ക് ചെയ്യുക. അതിനു ശേഷം Save and Preview ബട്ടൺ ക്ലിക്ക് ചെയ്യുക.

- ഇപ്പോൾ കിട്ടുന്ന പേജിൽ നിങ്ങൾ നൽകിയ മുഴുവൻ വിവരങ്ങളും കാണിക്കുന്നതാണ്. അത് വായിച്ചു നോക്കിയതിനു ശേഷം എന്തെങ്കിലും മാറ്റം വരുത്താനുണ്ടെങ്കിൽ പേജിന്റെ ഏറ്റവും അവസാനം കാണിച്ചിരിക്കുന്ന Modify എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. നൽകിയ വിവരങ്ങൾ എല്ലാം ശെരിയാണെന്നു ഉറപ്പുണ്ടെങ്കിൽ Save എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. നിങ്ങൾക്ക് ലഭിച്ച അപ്ലിക്കേഷൻ നമ്പർ മറക്കാതെ കുറിച്ചെടുക്കുക. അഡ്മിഷനുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും ഈ അപ്ലിക്കേഷൻ നമ്പർ ആവശ്യമാണ്.

- ഇപ്പോൾ കിട്ടുന്ന പേജിൽ നിങ്ങളുടെ മൊബൈൽ നമ്പർ വെരിഫിക്കേഷൻ നടത്തേണ്ടതാണ്.

ആയതിലേക്കായി നിങ്ങൾ നൽകിയ 10 അക്ക മൊബൈൽ നമ്പറിൽ ഒരു വെരിഫിക്കേഷൻ കോഡ് ലഭിക്കുന്നതായിരിക്കും. സ്ക്രീനിൽ വെരിഫിക്കേഷൻ കോഡ് നൽകിയതിന് ശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക.

- ഇപ്പോൾ നിങ്ങൾ ഫീസ് അടക്കുന്നതിന്റെ പേജിലേക്ക് പോകുന്നതായിരിക്കും. ഫീസ് അടക്കുന്നതിനായി വിവിധ തരത്തിലുള്ള പേയ്മെന്റ് ഓപ്ഷനുകൾ നിങ്ങൾക്ക് ലഭ്യമായിരിക്കും. അനുയോജ്യമായ ഓപ്ഷൻ തിരഞ്ഞെടുത്ത് ഫീസ് അടക്കുക. അപ്രകാരം ഫീസ് അടക്കാൻ സാധിക്കാത്തവർക്ക് പിന്നീട് www.polyadmission.org എന്ന വെബ്സൈറ്റ് ഹോം പേജിലെ Modify Diploma Application എന്ന ലിങ്ക് വഴി അപ്ലിക്കേഷൻ വീണ്ടും ഓപ്പൺ ചെയ്യാവുന്നതും ഏറ്റവും അവസാനത്തെ പേജിൽ എത്തുമ്പോൾ ഫീസ് അടക്കാവുന്ന ലിങ്ക് വീണ്ടും ലഭിക്കുന്നതുമാണ്. ഫീസ് അടച്ചതിനു ശേഷം മാത്രമേ അപേക്ഷയുടെ പ്രിന്റ് എടുക്കുവാൻ സാധിക്കുകയുള്ളു.

- നിങ്ങളുടെ അപ്ലിക്കേഷൻ ഓൺലൈനിൽ ഓപ്പൺ ചെയ്തു നോക്കുമ്പോൾ ഏറ്റവും മുകളിലായി കാണുന്ന Fee Status എന്ന കോളത്തിൽ Fee Paid എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിൽ അപ്ലിക്കേഷൻ രജിസ്റ്റർ ചെയ്തതായി കണക്കാക്കാം.

## അഡ്മിഷൻ സമയത്ത് നിർബന്ധമായും സമർപ്പിക്കേണ്ട രേഖകൾ:

- എസ്.എസ്.എൽ.സി / തത്തുല്യം / വി.എച്ച്.എസ്.ഇ. യോഗ്യതാ പരീക്ഷയുടെ അസൽ സർട്ടിഫിക്കറ്റ്
- നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള രേഖ:- AICTE യുടെ പുതിയ മാനദണ്ഡപ്രകാരം ആസ്പിറേഷണൽ ഡിസ്ട്രിക്ടിൽ (പാലക്കാട്, മലപ്പുറം, വയനാട്, കാസർകോഡ്) നേറ്റിവിറ്റി ഉള്ളവർക്ക് അത്തരം ജില്ലകളിലെ പ്രവേശനത്തിന് ബോണസ്സ് പോയിന്റ് ലഭിക്കുന്നതിന് ക്ലോസ് 9.12.4 പ്രകാരമുള്ള രേഖയും കേരളീയനാണ് എന്ന് തെളിയിക്കുന്നതിന് ക്ലോസ് 9.12.5 പ്രകാരമുള്ള രേഖയും ഹാജരാക്കേണ്ടതാണ്.

➢ **സാമുദായിക സംവരണം ആവശ്യമുള്ളവർ**

- സാമൂഹികവും, വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന (SEBC) വിഭാഗക്കാർ നിശ്ചിത മാതൃകയിലുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/ ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നും ലഭിച്ചതിന്റെ അസൽ സർട്ടിഫിക്കറ്റ്.

- SC/ST വിഭാഗക്കാർ ജാതി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാരിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്.
- മറ്റർഹ സമുദായത്തിൽപെട്ട (OEC) വിദ്യാർത്ഥികൾ ബന്ധപ്പെട്ട റവന്യൂ അധികാരിയി നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അല്ലായെങ്കിൽ ജാതി സർട്ടിഫിക്കറ്റുന്റേയും വരുമാന സർട്ടിഫിക്കറ്റിന്റെയും അസൽ സർട്ടിഫിക്കറ്റ്.
- നോൺ ക്രീമിലെയർ വിഭാഗത്തിൽ ഉൾപ്പെടാത്ത OEC അപേക്ഷകർ വിദ്യാഭ്യാസാനുകുല്യങ്ങൾക്കുവേണ്ടി വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- പ്രോസ്പക്ടസിൽ അനുബന്ധംVIൽ കാണിച്ചിരിക്കുന്ന **List of communities eligible for educational concessions as is given to oec** ൽ വരുന്ന ജാതിയിൽ ഉൾപ്പെടുന്നവർ വിദ്യാഭ്യാസാനുകുല്യങ്ങൾ ലഭിക്കുന്നതിന് ജാതി സർട്ടിഫിക്കറ്റിന്റേയും വരുമാന സർട്ടിഫിക്കറ്റിന്റേയും അസൽ ഹാജരാക്കേണ്ടതാണ്.

➢ **ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം ആവശ്യമുള്ളവർ:-**

- ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം ആവശ്യമുള്ളവർ ജില്ലാ മെഡിക്കൽ ബോർഡ് നൽകിയ ശാരീരിക വൈകല്യത്തിന്റെ തോത് സൂചിപ്പിക്കുന്ന സർട്ടിഫിക്കറ്റും പോളിടെക്നിക്കുകളിലെ പഠനത്തിനാവശ്യമായ ശാരീരിക ക്ഷമത ഉണ്ടെന്നു സാക്ഷ്യപ്പെടുത്തിയ അനുബന്ധം XVII പ്രകാരമുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റും അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

➢ **പ്രത്യേക സംവരണം ആവശ്യമുള്ളവർ:-**

- ക്ലോസ് 5.4.2 മുതൽ 5.4.8 വരെ പ്രത്യേക സംവരണത്തിന് അർഹരായിട്ടുള്ളവർ ആവശ്യമായ അർഹത തെളിയി ക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

➢ **മിശ്ര വിവാഹിതരുടെ മക്കൾക്കുള്ള ആനുകൂല്യങ്ങൾക്ക്:-**

- മിശ്ര വിവാഹിതരുടെ മക്കൾക്ക് SEBC/OEC സംവരണം ആവശ്യമുള്ള പക്ഷം അവർ ബന്ധപ്പെട്ട ഓഫീസിൽ നിന്നും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് വാങ്ങി സമർപ്പിക്കണം. എന്നാൽ മിശ്ര വിവാഹിതരിൽ ഒരാൾ SC/ST വിഭാഗത്തിൽ പെട്ടയാളാണെങ്കിൽ അവരുടെ മക്കൾക്ക് SC/ST

വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന ഫീസാനുകുല്യങ്ങൾ ലഭിക്കുന്നതിന് തഹസിൽദാർ നൽകുന്ന മിശ്രവിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

➢ **Economically Weaker Section (EWS):-**

- മറ്റു സാമുദായിക സംവരണങ്ങൾക്ക് അർഹത ഇല്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള (Economically Weaker Sections - EWS) സംവരണം ആവശ്യമുള്ളവർ അനുബന്ധം XVI പ്രകാരമുള്ള സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

➢ **ഫീസാനുകുല്യം, സ്കോളർഷിപ്പ് എന്നിവ ആവശ്യമുള്ളവർ:-**

- SC/ST/OEC വിഭാഗക്കാർ ഒഴികെയുള്ള മറ്റ് വിഭാഗക്കാർ (ജനറൽ കാറ്റഗറി ഉൾപ്പെടെ) കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസ് ആനുകുല്യങ്ങൾ/ സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിനായി വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റുകളിലെ എല്ലാ വരികളും കോളങ്ങളും പൂരിപ്പിച്ചിട്ടുണ്ടെന്നും, അധികാരിയുടെ ഒപ്പ്,**

ഉദ്യോഗപ്പേരുള്ള സീൽ, ഓഫീസ് സീൽ എന്നിവ പതിപ്പിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.